ഉത്തരം

(എ—സി) പരവൂർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം നടന്നുവരുന്നതേയുള്ളൂ.

(ഡി) സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം

161 [927] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കായിക മേളകളിൽ മികച്ച വിജയം നേടിയ സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) സ്വന്തമായി കളിസ്ഥലങ്ങളുള്ള സർക്കാർ സ്കൂളുകൾ അടക്കമുള്ള സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി സ്പോർട്ട്സ് വകുപ്പിൽ നിലവിലുണ്ട്. ഇതിനായി സ്കൂൾ കായിക മേളയിൽ മികച്ച വിജയം നേടുന്ന സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി വരുന്നു.

കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നീന്തൽ സമുച്ചയം

162 [928] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പിരപ്പൻകോട് നിർമ്മാണം ആരംഭിച്ച അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ പണി എത്ര വർഷമായി മുടങ്ങി കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എന്ത് കൊണ്ടാണ് ഈ പദ്ധതിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര രൂപ ഈ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട് ; എന്തൊക്കെ പണികളാണ് ബാക്കിയുള്ളത് ;

(ഡി) ഈ പദ്ധതിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമൂലം സർക്കാരിന് ഉണ്ടായ നഷ്ടം എത്രയാണ് ;

(ഇ) പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏപ്രിൽ 2001 മുതൽ ഫെബ്രുവരി 2005 വരെ മുടങ്ങിക്കിടന്നിരുന്ന പണി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളത്തിന് 2000 ജൂൺ 3-ന് തറക്കല്ലിടുകയുണ്ടായി. 5 കോടി 80 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകി പ്രസ്തുത വർക്കിന്റെ പൈലിംഗ് ആരംഭിച്ചു. ഹിന്ദുസ്ഥാൻ സ്റ്റീൽ കൺസ്ട്രക്ഷൻ കമ്പനിയെ ബാക്കി പണികൾ ഏൽപ്പിച്ചിരുന്നു. എന്നാൽ എച്ച്.എസ്.സി.എൽ. കേരളാ സ്പോർട്ട്സ് കൗൺസിലുമായുള്ള കരാർ വ്യവസ്ഥ ലംഘിച്ച് ഗുണനിലവാരം കുറഞ്ഞ പണികൾ ചെയ്യുന്ന സബ് കോൺട്രാക്ടർമാരെ പണികൾ ഏൽപ്പിച്ചതിനാലും പ്രോഗ്രാം ചാർട്ട് അനുസരിച്ച് 2001 ഫെബ്രുവരിയിൽ തീർക്കേണ്ട പണി മേയ് 2002 വരെ നീട്ടി കൊടുത്തുവെങ്കിലും തുടർന്നും പുരോഗതി കാണാതിരുന്നതിനാൽ മേയ് 2003-ൽ ഈ കമ്പനിയുമായുള്ള കരാർ റദ്ദ് ചെയ്യുകയുണ്ടായി.

ഫെബ്രുവരി 2005 മുതൽ പണി പുനരാരംഭിച്ചിട്ടുണ്ട്.

(സി) 2,41,99,933 രൂപ ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഭാഗികമായി തീർന്നിട്ടുള്ള റെയ്സിംഗ് പൂൾ, ഡൈവിംഗ് പൂൾ, ഗാലറി, ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ പൂർത്തീകരണവും ഇനി നിർമ്മാണം ആരംഭിക്കാനുള്ള പ്രക്ടീസ് പൂൾ, ബാലൻസിംഗ് ടാങ്ക്, ഫിൽട്രേഷൻ പ്ലാന്റ് റൂം, പൈപ്പ് ലേയിംഗ് ഉൾപ്പെടെയുള്ള മൊത്തം ഫിൽട്രേഷൻ സിസ്റ്റവും ഇനി ബാക്കിയുള്ള പണികളാണ്.

(ഡി) 2,30,29,314 രൂപയ്ക്ക് വരുന്ന ജോലികൾ പഴയ കോൺട്രാക്ടറുടെ റിസ്ക്ക് ആന്റ് കോസ്റ്റിലാണ് പുതിയ കോൺട്രാക്ടർക്ക് അവാർഡ് ചെയ്തിരിക്കുന്നത്. പഴയ കോൺട്രാക്ടറുടെ റിസ്ക്ക് ആന്റ് കോസ്റ്റ് തുകയായി ഉദ്ദേശം 60,79,739 രൂപ നിശ്ചയിച്ചിട്ടുണ്ട്. ഇത് പഴയ കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് നഷ്ടമില്ല.

(ഇ) മെസ്സേഴ്സ് ചാരങ്കാട് എഞ്ചിനീയറിംഗ് വർക്ക്സ്, ചേർത്തല എന്ന കോൺട്രാക്ടറുടെ കീഴിൽ പണി പുരോഗമിച്ച് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly